**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **01-02-2024 - ൽ മറുപടിയ്ക്ക്**

**ബ്ലാങ്ങാട് ബീച്ചിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ബ്ലാങ്ങാട് ബീച്ച് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലാങ്ങാട് ബീച്ചിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ബ്ലാങ്ങാട് ബീച്ചിൽ അൺസർവെയ്ഡ് കടൽക്കരയിൽ പുറമ്പോക്ക് ഭൂമിയും പട്ടയം ലഭിച്ച ഭൂമികളും ഒരുമിച്ച് വരുന്നതിനാൽ ചാവക്കാട് താലൂക്ക് സർവ്വെയർക്ക് ഒറ്റയ്ക്ക് സർവ്വെ നടത്തി കയ്യേറ്റഭൂമികൾ കണ്ടെത്താൻ പ്രയാസമായതിനാൽ ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസിൽ നിന്നും സർവ്വെയർമാരുടെ സേവനം ആവശ്യപ്പെട്ടിട്ടുള്ളതാണ്. വളരെയധികം വ്യാപ്തിയുള്ള ഭൂമി ആയതിനാലും കടൽകര പുറമ്പോക്കിന് പ്രത്യേക അതിർത്തി ഇല്ലാത്തതിനാലും സർവ്വെ നടത്തുക എന്നത് ശ്രമകരമാണ്. ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസിൽ നിന്നും കൂടുതൽ സർവ്വെയർമാരെ നിയോഗിച്ച് എത്രയും വേഗം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ബീച്ച് വികസനവുമായി ബന്ധപ്പെട്ട് അൺ സർവ്വേഡ് ലാന്റ്, പുറംപോക്ക് എന്നിവ തിട്ടപ്പെടുത്തി ബീച്ച് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് എപ്പോൾ കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | ബീച്ച് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. ഭൂമി കൈമാറുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഭൂമി കൈമാറാവുന്നതാണ്. |

സെക്ഷൻ ഓഫീസർ